# പാറശ്ശാല ഗ്രാമപഞ്ചായത്ത്



# വികസന റിപ്പോർട്ട്

ഒൻപതാം പദ്ധതി
ജനകീയ പദ്ധതി

# സമഗ്ര വികസന റിപ്പോർട്ട്

**പാറശ്ശാല ഗ്രാമപഞ്ചായത്ത്**

**പാറശ്ശാല - 695 502**

**തിരുവനന്തപുരം ജില്ല**



പാറശ്ശാല ഗ്രാമപഞ്ചായത്ത്
ഭൂപടം

അധികാരം ജനങ്ങളിലേക്ക്

# പാറശ്ശാല ഗ്രാമപഞ്ചായത്ത്

# ഉള്ളടക്കം


1. ആമുഖം
2. ഗ്രാമപഞ്ചായത്ത്-പൊതുവിവരണം
3 വികസന മേഖലകൾ

   i. കൃഷിയും ജലസേചനവും
   ii. ഫിഷറീസ്, മൃഗപരിപാലനം
   iii. വിദ്യാഭ്യാസം
   iv. ആരോഗ്യം, പരിസരശുചീകരണം, കുടിവെള്ളം
   v വ്യവസായം
   vi. ഗതാഗതം (റോഡുകൾ), ഊർജ്ജം
   vii. ഭവനനിർമ്മാണം, സാമൂഹ്യ.ക്ഷേമം
   viii സംസ്ക്കാരം
   ix. വനിത,
   x. സഹകരണമേഖല
   xi. പട്ടികജാതി / പട്ടികവർഗ്ഗ ക്ഷേമം
   xii. വിഭവസമാഹരണം

4. ഉപസംഹാരം

# ആമുഖം

കേരളത്തിന്റെ തെക്കേ അറ്റത്ത് തമിഴ്നാട് സംസ്ഥാനത്തോട് തൊട്ടുരുമ്മി കിടക്കുന്ന, പ്രകൃതി രമണീയത നിറഞ്ഞ പഞ്ചായത്താണ് പാറശ്ശാല. തിരുവനന്തപുരം ജില്ലയിൽ ഭൂപ്രകൃതിയിലും ജനസംഖ്യയിലും മുന്നിൽ നിൽക്കുന്ന ഈ ഗ്രാമപഞ്ചായത്തിൽ ചരിത്ര പ്രസിദ്ധമായ ശ്രീ മഹാദേവർ ക്ഷേത്രവും, ശതാബ്ദി പിന്നിട്ട ചെറുവാരക്കോണം ആബ്സ്മെമ്മോറിയൽ ചർച്ചും, ഉൾപ്പെടെ 35 ക്ഷേത്രങ്ങളും, 32 ക്രിസ്തീയ ദേവാലയങ്ങളും, 2 മോസ്കുകളും ഈ ഗ്രാമപഞ്ചായത്തിന്റെ മഹിമ വർദ്ധിപ്പിക്കുന്നു.

കണ്ണെത്താ ദൂരത്തു പരന്നു കിടക്കുന്ന വയലേലകളും യക്ഷിക്കഥകളെ സ്മരിക്കുന്ന കരിമ്പനകൂട്ടങ്ങളും തെങ്ങിൻ തോപ്പും, വാഴത്തോപ്പുമെല്ലാം ഈ പഞ്ചായത്തിന്റെ വിഭവ സമൃദ്ധി വിളിച്ചറിയിക്കുന്നു. 1970 കൾ വരെ പനകയറ്റും, നെൽകൃഷിയും മരിച്ചീനികൃഷിയും ഈ ഗ്രാമപഞ്ചായത്തിന്റെ പ്രധാന തൊഴിലുകളായിരുന്നു. കാലാന്തരത്തിൽ നെൽ കൃഷി ലാഭകരമല്ലാത്തതുകൊണ്ട നെൽപ്പാടങ്ങളിൽ തെങ്ങ് കൃഷി വ്യാപകമാക്കുകയും, പനകയറ്റം ആദായകരമല്ലാത്ത തൊഴിലായതുകൊണ്ട് കൂടുതൽ പേരും കെട്ടിട നിർമ്മാണ രംഗത്ത് ചേക്കേറുകയുണ്ടായി.

കർഷകരും, കർഷക തൊഴിലാളികളും, കെട്ടിട നിർമ്മാണ തൊഴിലാളികളും, മത്സ്യ തൊഴിലാളികളും, കളിമൺ വ്യവസായ തൊഴിലാളികളും എണ്ണയാട്ടു തൊഴിലാളികളും, മറ്റു തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സൗഹാർദ്ദത്തോടെ കഴിയുന്നു.

അയിത്താചാരങ്ങൾ നിലനിന്നിരുന്ന കാലത്തും താഴ്ന്ന ജാതിയിൽപ്പെട്ടവർക്ക് പാറശ്ശാല മഹാദേവർ ക്ഷേത്രത്തിൽ പ്രവേശനം നൽകിയിരുന്നത് ഈ നാടിന്റെ അന്തസ് ഉയർത്തിക്കാട്ടുന്ന ഒന്നുതന്നെയാണ്.

പാറശ്ശാലയിൽ കീഴത്തോട്ടം വാർഡിൽ രാമറത്തല വീട്ടിൽ അന്തരിച്ച സ്വതന്ത്ര്യ സമര സേനാനി ശ്രീ. കെ. രാമകൃഷ്ണൻ തമ്പി അയിത്തത്തിനെതിരെ സ്വീകരിച്ച നടപടികൾ എക്കാലവും സ്മരിക്കപ്പെടുന്നതാണ്.

പാറശ്ശാലയിൽ ചായക്കട തുടങ്ങി, ചിരട്ട സമ്പ്രദായം അവസാനിപ്പിച്ച്, എല്ലാവർക്കും ഒരേ ഗ്ലാസ്സിൽ ചായ കൊടുത്തുകൊണ്ടാണ് അദ്ദേഹം അയിത്തത്തിനെതിരെ പോരാടിയത്.

ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയതിനു ശേഷം പാറശ്ശാല പഞ്ചായത്ത് ആകുന്നതിനും ഏഴു വർഷം മുമ്പ് പാറശ്ശാല വില്ലേജ് യൂണിയനിൽ സർക്കാർ നോമിനേറ്റ് ചെയ്യുന്നവരായിരുന്നു അംഗങ്ങൾ.

### ആദ്യത്തെ വില്ലേജ് യൂണിയൻ

പി. കേശവപിള്ളയായിരുന്നു വില്ലേജ് യൂണിയന്റെ ആദ്യത്തെ പ്രസിഡന്റ്. ഇ. സാമുവൽ, എ. എസ്. അമൃതം, ഇ. പരമേശ്വര പിള്ള, എ. കൃഷ്ണൻ എന്നിവർ യൂണിയൻ അംഗങ്ങളായിരുന്നു.

1951 ഫെബ്രുവരി 2 ന് ഇ. പരമേശ്വര പിള്ളയെ യൂണിയന്റെ പ്രസിഡന്റായി തെരഞ്ഞെടുത്തു.

### ജനാധിപത്യത്തിലേയ്ക്ക്

1952 -ൽ പഞ്ചായത്ത് ആക്ട് നിലവിൽ വന്നതോടെ വില്ലേജ് യൂണിയൻ പഞ്ചായത്തായി മാറി.

1953 -ൽ ജനാധിപത്യരീതിയിൽ നടന്ന തെരഞ്ഞെടുപ്പിൽ എസ്. സെൽവനായകം പ്രസിഡന്റായി ഭരണസമിതി നിലവിൽ വന്നു. പി. പരമേശ്വരപിള്ള (വൈസ്. പ്രസിഡന്റ്), വി. യോവാൻ, എസ്. മാധവൻപിള്ള, വി. അനന്തകൃഷ്ണയ്യർ, സി. യേശുദാസൻ, കെ. കൃഷ്ണൻ, എൻ. റൂഫസ്, കെ. സുന്ദരംനാടാർ, എസ്. നേശയ്യൻ നാടാർ എന്നിവരും അംഗങ്ങളായിരുന്നു. സെൽവ നായകത്തിനുശേഷം പ്രസിഡന്റായത് യോവാൻ ആയിരുന്നു.

1964 -ൽ നേശയ്യൻനാടാർ പ്രസിഡന്റായി ഭരണസമിതി നിലവിൽ വന്നു. അതിനുശേഷം എൻ. ശങ്കരനാരായണപിള്ള പ്രസിഡന്റായി.

1979 -ൽ പി. ചെല്ലയ്യൻ പ്രസിഡന്റായി ഭരണസമിതി അധികാരത്തിൽ വന്നു. രണ്ടുതവണ ഇദ്ദേഹം പ്രസിഡന്റായിരുന്നു. ഇതിനുശേഷം സി. വിജയകുമാർ പ്രസിഡന്റായി. ഇപ്പോൾ പൗളിൻ ലോറൻസിന്റെ നേതൃത്വത്തിലുള്ള ഭരണസമിതിയാണ് അധികാരത്തിൽ തുടരുന്നത്.

പ്രധാനപ്പെട്ട പല വകുപ്പ് ആഫീസുകളും പഞ്ചായത്ത് ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്നുവെങ്കിലും പൊതുവിൽ അർഹിക്കുന്ന വികസനം എല്ലാ രംഗത്തും ഉണ്ടായിട്ടില്ല.

സിവിൽ സ്റ്റേഷനും, ബഹുനിലകളുള്ള ഷോപ്പിംഗ് കോംപ്ലക്സും, ഫയർ സ്റ്റേഷനും, ഗവ. ആയുർവേദ-അലോപ്പതി ആശുപത്രികളുടെ വികസനവും, മുൻസിഫ്-മജിസ്ട്രേറ്റ് കോടതിയുടെ അപര്യാപ്തതയ്ക്കും പരിഹാരം കാണേണ്ടതുണ്ട്.

പാറശ്ശാല ഗ്രാമപഞ്ചായത്ത് ഇന്ന് അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ കാർഷിക മേഖലയുടെ ശോചനീയ അവസ്ഥയും, താഴ്ന്ന ഉൽപ്പാദന ക്ഷമതയും, രൂക്ഷമായ തൊഴിലില്ലായ്മയും, വിദ്യാഭ്യാസം ആരോഗ്യം തുടങ്ങിയ പൊതുക്ഷേമ സൗകര്യങ്ങളുടെ ഗുണ നിലവാരതകർച്ചയുമാണ്. ഈ പ്രശ്നങ്ങളെ മനസിലാക്കി അവയെ കൈകാര്യം ചെയ്യുന്നതിലൂടെ മാത്രമേ മുന്നോട്ടു പോകാനാവു.

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | പാറശ്ശാല ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | പാറശ്ശാല, പരശുവയ്ക്കൽ |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ | പാറശ്ശാല, പരശുവയ്ക്കൽ പ്ലാമൂട്ടുക്കട - വാർഡ് 1 |
| ബ്ലോക്ക് പഞ്ചായത്ത് | പാറശ്ശാല |
| താലൂക്ക് | നെയ്യാറ്റിൻകര |
| ജില്ല | തിരുവനന്തപുരം |
| അസംബ്ലി മണ്ഡലം | പാറശ്ശാല |
| വിസ്തീർണ്ണം | 20.02 ച. കി. മീറ്റർ |
| അതിരുകൾ - വടക്ക് | കൊല്ലയിൽ പഞ്ചായത്ത്, തമിഴ്നാട് |
| കിഴക്ക് | തമിഴ്നാട് |
| തെക്ക് | തമിഴ്നാട് |
| പടിഞ്ഞാറ് | കാരോട്, ചെങ്കൽ പഞ്ചായത്തുകൾ |
| ജനസംഖ്യ | 45,710 (1991) |

## പാറശ്ശാല ഗ്രാമപഞ്ചായത്തു വാർഡുകൾ

| | |
|---|---|
| 1. | നെടിയാംകോട് |
| 2. | പുല്ലൂർക്കോണം |
| 3. | പരശുവയ്ക്കൽ |
| 4. | കീഴത്തോട്ടം |
| 5. | കരുമാനൂർ |
| 6. | നെടുവാൻവിള |
| 7. | മുര്യങ്കര |
| 8. | ഠൗൺ |
| 9. | മുള്ളുവിള |
| 10. | ഇഞ്ചിവിള |
| 11. | ഐങ്കാമം |
| 12. | ചെറുവാരക്കോണം |
| 13. | മുറിയത്തോട്ടം |
| 14. | മേലെക്കോണം |
| 15. | ഇടിച്ചക്കപ്ലാമൂട് |

## *നിലവിലുള്ള ഭരണസമിതി അംഗങ്ങൾ*

| | | |
|---|---|---|
| പ്രസിഡന്റ് | : | പൗളിൻ ലോറൻസ് |
| വൈസ് പ്രസിഡന്റ് | | എൻ. അപ്പു |
| സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | | ഡി. വിജയകുമാർ |
| മെമ്പർമാർ | : | ആർ. ലീല |
| | | റ്റി. ബേബിസരോജം |
| | | പി. സ്റ്റീഫൻ |
| | | ഇ. ശശിധരൻ |
| | | വൈ. അംബ്രോസ് |
| | | സി.പി. ബാലകൃഷ്ണൻ |
| | | കെ. സുകുമാരി |
| | | വൈ. ജസ്റ്റിൻരാജ് |
| | | എച്ച്. സരസമ്മ |
| | | ജെ. ചന്ദ്രബാബു |
| | | പി.എസ്. സ്ഥാണുപ്രസാദ് |
| | | എൻ. അഹമ്മദ്ഖാൻ |

| | | |
|---|---|---|
| സെക്രട്ടറി | : | ആർ. ശശിധരൻ |

# പാറശ്ശാല ഗ്രാമപഞ്ചായത്ത്

## ജനസംഖ്യ 1991

| വാർഡ് | വീടുകളുടെ എണ്ണം | കുടുംബങ്ങൾ | പുരുഷൻമാർ | സ്ത്രീകൾ | സാക്ഷരത | | പട്ടികജാതി | |
|---|---|---|---|---|---|---|---|---|
| | | | | | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ |
| I | 748 | 752 | 1790 | 1813 | 1513 | 1461 | 138 | 145 |
| II | 636 | 650 | 1523 | 1606 | 1326 | 1353 | 179 | 197 |
| III | 832 | 881 | 2133 | 2055 | 1735 | 1574 | 427 | 448 |
| IV | 908 | 935 | 2317 | 2367 | 1844 | 1740 | 247 | 254 |
| V | 698 | 702 | 1749 | 1693 | 1423 | 1284 | 224 | 219 |
| VI | 799 | 823 | 2009 | 1979 | 1548 | 1369 | 198 | 231 |
| VII | 581 | 608 | 1469 | 1457 | 1091 | 977 | 102 | 97 |
| VIII | 528 | 595 | 1479 | 1484 | 1287 | 1206 | 98 | 103 |
| IX | 406 | 455 | 1164 | 1207 | 886 | 785 | 109 | 101 |
| X | 531 | 534 | 1401 | 1419 | 1155 | 1099 | 37 | 45 |
| XI | 482 | 503 | 1387 | 1438 | 1097 | 974 | 46 | 62 |
| XII | 575 | 581 | 1421 | 1574 | 1170 | 1293 | 27 | 34 |
| XIII | 511 | 540 | 1386 | 1369 | 1142 | 1007 | 157 | 154 |
| XIV | 592 | 594 | 1488 | 1533 | 1230 | 1210 | 403 | 424 |
| | 8827 | 9153 | 22716 | 22994 | 18447 | 17332 | 2392 | 2514 |

## സ്ഥാപന വിവരം

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഇനം | ഉദ്യോഗസ്ഥരുടെ എണ്ണം |
|---|---|---|---|
| 1 | ഗ്രാമ പഞ്ചായത്താഫീസ് പാറശ്ശാല | ഭരണം | 17 |
| 2 | ഗവ. എൽ.പി.എസ്. ആലത്തോട്ടം | വിദ്യാഭ്യാസം | 8 |
| 3 | സാൽവേഷൻ ആർമി എൽ.പി.എസ് കുറുംകുട്ടി | | 6 |
| 4 | കേരളാ സ്റ്റേറ്റ് ഫൈനാൻഷ്യൽ എന്റർ പ്രൈസസ്സ് | ധനകാര്യം | 8 |
| 5 | ശാന്തം ഫിഷ് നെറ്റ് കമ്പനി മുള്ളുവിള | കമ്പനി | 40 |
| 6 | കേരളാ നെറ്റ്സ്, മുള്ളുവിള | ഫാക്ടറി | 10 |
| 7 | സരോജ് ഹോസ്പിറ്റൽ പരശുവയ്ക്കൽ | ആരോഗ്യം | 4 |
| 8 | ഇവാൻസ് ഹൈസ്ക്കൂൾ, പാറശ്ശാല | വിദ്യാഭ്യാസം | 39 |
| 9 | എച്ച്.എം.എസ്.എൽ.പി.എസ് കരുമാനൂർ | | 5 |
| 10 | കെ.എസ്.ഇ.ബി. പാറശ്ശാല | വൈദ്യുതി | 87 |
| 11 | സാമുവൽ എൽ.എം.എസ്. എച്ച.എസ്. ചെറുവാരക്കോണം | വിദ്യാഭ്യാസം | 33 |
| 12 | ഇവാൻസ് റ്റി.റ്റി.ഐ. പാറശ്ശാല | | 7 |
| 13 | ഗവ. ജി.എച്ച്.എസ്. പാറശ്ശാല | | 10 |
| 14 | ഗവ. എൽ.പി.എസ്. പരശുവയ്ക്കൽ | ,, | 4 |
| 15 | ഗവ. എൽ.പി.ജി. എസ്. പാറശ്ശാല | വിദ്യാഭ്യാസം | 8 |
| 16 | ഫെഡറൽ ബാങ്ക് | ധനകാര്യം | 11 |
| 17 | എൽ.എം.എസ്.യു.പി.എസ് പരശുവയ്ക്കൽ | വിദ്യാഭ്യാസം | 18 |
| 18 | എൽ.എം.എസ്.എൽ.പി.എസ് മെയ്പുരം | | 11 |

## സ്ഥാപന വിവരം – തുടർച്ച

| | | | |
|---|---|---|---|
| 19 | ടെലഫോൺ എക്സ്ചേഞ്ച് പാറശാല | കമ്മ്യൂണിക്കേഷൻ | 14 |
| 20 | പോസ്റ്റാഫീസ്, പാറശ്ശാല | ,, | 13 |
| 21 | പോസ്റ്റാഫിസ്, പരശുവയ്ക്കൽ | ,, | 5 |
| 22 | ഇവാൻസ് യു.പി.എസ്, പാറശാല | വിദ്യാഭ്യാസം | 21 |
| 23 | എൽ.എം.എസ്.എൽ.പി.എസ് പൊന്നംകുളം | | 5 |
| 24 | സാമുവൽ എൽ.എം.എസ്.എൽ.പി ചെറുവാരക്കോണം | | 9 |
| 25 | എ.ഇ. ഓഫീസ്, പാറശാല | ,, | 15 |
| 26. | ആയുർവേദ ആശുപത്രി പാറശാല | ആരോഗ്യം | 20 |
| 27 | അസി. ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ ഓഫീസ് | കൃഷി | 8 |
| 28 | ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ് പാറശ്ശാല | ഭരണം | 8 |
| 29 | ചാനൽ സെക്ഷൻ ഓഫീസ് | ജലസേചനം | 8 |
| 30 | ജില്ലാ സഹകരണ ബാങ്ക് | സഹകരണം | 7 |
| 31 | ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റ്, പാറശാല | ഡയറി | 6 |
| 32 | ദേവസ്വം ഓഫീസ് പാറശാല | ദേവസ്വം | .27 |
| 33 | ദേവസ്വം ഓഫീസ് പരശുവയ്ക്കൽ | ,, | 12 |
| 34 | ഹിന്ദുസ്ഥാൻ സിലിണ്ടർ കമ്പനി പാറശാല | കമ്പനി | 76 |
| 35 | ഇന്ത്യൻ ബാങ്ക് പാറശാല | ധനകാര്യം 17 | |
| 36 | ഐ.എം.പി. തിയേറ്റർ | വിനോദം | 3 |
| 37 | ഐസ് പ്ലാന്റ് ഇഞ്ചിവിള | കമ്പനി | 7 |
| 38 | കൃഷിഭവൻ, പാറശാല | കൃഷി | |

## സ്ഥാപന വിവരം – തുടർച്ച്

| | | | |
|---|---|---|---|
| 39 | കെ.എസ്.ആർ.റ്റി.സി. പാറശാല | ട്രാൻസ് പോർട്ട് | 37 |
| 40 | ലിറ്റിൽ തമീൻസ് തിയേറ്റർ | വിനോദം | 6 |
| 41 | മാവേലി സ്റ്റോർ പാറശാല | ഭക്ഷ്യം | 5 |
| 42 | പബ്ലിക്ക് വർക്ക്സ് എം.ഐ സെക്ഷൻ | പൊതുമരാമത്ത് | 9 |
| 43 | റോഡ് സെക്ഷൻ, പാറശാല | | 23 |
| 44 | ബിൽഡിംഗ് സെക്ഷൻ, പാറശാല | ,, | 9 |
| 45 | പിഗ് ബ്രീഡിംഗ്‌യൂണിറ്റ്, പാറശാല | മൃഗ സംരക്ഷണം | 10 |
| 46 | പോലീസ് സ്റ്റേഷൻ, പാറശാല | നീതിന്യായം | 33 |
| 47 | ആർ.ഐ.എ.സി. പാറശാല | മൃഗ സംരക്ഷണം | 14 |
| 48 | സബ് രജിസ്ട്രാർ ഓഫീസ്, പാറശാല | രജിസ്ട്രേഷൻ | 14 |
| 49 | സത്യവിലാസം കമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട്, പാറശ്ശാല | വിദ്യാഭ്യാസം | 2 |
| 50 | ശോഭി തിയേറ്റർ, പാറശ്ശാല | വിനോദം | 2 |
| 51 | എസ്.ബി.റ്റി പാറശ്ശാല | ധനകാര്യം | 26 |
| 52 | സൗത്ത് ഇന്ത്യൻ ബാങ്ക്, പാറശാല | | 6 |
| 53 | സബ്ട്രഷറി, പാറശാല | ,, | 13 |
| 54 | വെറ്റിനറി ആശുപത്രി പാറശാല | മൃഗ സംരക്ഷണം | 2 |
| 55 | വാട്ടർ അതോറിറ്റി, പാറശാല | ജലവിതരണം | 17 |
| 56 | ഫാക്റ്റ് സെൻട്രൽ ഡിപ്പോ | കൃഷി | 3 |
| 57 | വില്ലേജ് ഓഫീസ്, പാറശ്ശാല | റവന്യൂ | 7 |
| 58 | വില്ലേജ് ഓഫീസ്, പരശുവയ്ക്കൾ | | 6 |
| 59 | ഗവ. എൽ.പി.എസ് കൊടവിളാകം | വിദ്യാഭ്യാസം | 7 |

# I. കൃഷി ജലസേചനം

# കൃഷി

കൃഷി പ്രധാന ഉപജീവനമായി സ്വീകരിച്ചിരുന്ന പാറശ്ശാല ഗ്രാമപഞ്ചായത്തിൽ പ്രധാനമായും ഉണ്ടായിരുന്ന നെൽ കൃഷി, മരച്ചീനി കൃഷി എന്നിവ കുറയുകയും പകരം തെങ്ങ്, റബർ, വാഴ, ഇഞ്ചി, ഗ്രാമ്പൂ, ജാതി, തേക്ക്, മാഞ്ചിയം എന്നിവയുടെ കൃഷി വർദ്ധിച്ചുവരികയുമാണ്.

## നിലവിലുള്ള കൃഷികൾ

| | | ഹെക്ടർ |
|---|---|---|
| 1) | നെൽ കൃഷി | 262 |
| 2) | മരച്ചീനി കൃഷി | 584 |
| 3) | കുരുമുളക് കൃഷി | 9.5 |
| 4) | വാഴകൃഷി | 130 |
| 5) | പച്ചക്കറി കൃഷി | 10 |
| 6) | പയറുവർഗ്ഗം | 35 |
| 7) | കിഴങ്ങുവർഗ്ഗങ്ങൾ | 15 |
| 8) | ഇഞ്ചി | 10 |
| 9) | കശുമാവ് | 5 |
| 10) | റബർ | 15 |
| 11) | കമുക് | 7.5 |
| 12) | തെങ്ങ് | 425 |

## നെൽകൃഷി

***നേരിടുന്ന പ്രശ്നങ്ങൾ***

1) നെൽപ്പാടം നികത്തൽ 2) വയലിൽ റബർ നടീൽ

3) തൊഴിലാളികളെ ലഭിക്കാത്ത സ്ഥിതി

4) കൂലി വർദ്ധനവ് 5) ആദായ കുറവ്

***നടപ്പിലാക്കേണ്ട കാര്യങ്ങൾ***

1) നിലം നികത്തൽ, നിലത്തിൽ റബർ നടീൽ എന്നിവയ്ക്കെതിരെയുള്ള നിരോധന നിയമങ്ങൾ കർശനമായി നടപ്പാക്കണം.

2) യന്ത്രസാമഗ്രികൾ കുറഞ്ഞവിലയ്ക്കു ലഭ്യമാക്കണം.

3) അത്യുൽപ്പാദനശേഷിയുള്ള വിത്തുകൾ, വളങ്ങൾ എന്നിവ 50% സബ്സിഡിയായി വിതരണം ചെയ്യണം. കർഷകർ ഉൽപാദിപ്പിക്കുന്ന വിത്തുകൾ ശേഖരിക്കുന്നതിന് വിത്തറ സ്ഥാപിക്കുക.

4) ഗ്രൂപ്പ് ഫാമിംഗ് നടപ്പാക്കണം

5) ജൈവ വളം നിർമ്മിക്കുന്നതിന് കർഷകർക്ക് സബ്സിഡി കൊടുക്കണം.

6) കാർഷിക പരിശീലന കേന്ദ്രം ആരംഭിച്ച് കർഷകർക്ക് പരിശീലനം നൽകണം.

7) ഹെക്ടറിന് 500 രൂപ ഉൽപാദന ബോണസ് നൽകണം.

8) കീടനാശിനി ഉപയോഗം കുറയ്ക്കണം.

9) ട്രാക്ടർ, സ്പ്രെയർ, മെതിയന്ത്രം എന്നിവ ഓരോ കർഷക സമിതിക്കും സൗജന്യമായി നൽകണം.

2. ജലസേചന സൗകര്യം ഉറപ്പുവരുത്താൻ കിണർ, പമ്പ്സെറ്റ് എന്നിവ നിർമ്മിക്കുന്നതിന് ആവശ്യമായ ധനസഹായം നൽകണം.

3. ഉൽപ്പന്നത്തിന് താങ്ങുവില ഏർപ്പെടുത്തണം

4. പ്രത്യുൽപ്പാദനത്തിന് പ്രോൽസാഹനം നൽകണം.

5. പ്രധാന കൃഷികൾ ചെയ്തുവരുന്ന മികച്ച കർഷകരെ തെരഞ്ഞെടുത്ത് ആദരിക്കുവാൻ പ്രത്യേക സമിതികൾ രൂപീകരിക്കണം.

## ജലസേചനം

1) തെങ്ങുകൃഷി വികസനത്തിനായി പഞ്ചായത്തിലെ ജലം ഒഴുകി എത്തുന്ന കുളങ്ങളായ 1 -ാം വാർഡിൽ മണ്ണാം കുളത്തിലും, 3 -ാം വാർഡിൽ മാളിക കുളത്തിലും, 4 -ാം വാർഡിൽ ഇലഞ്ഞി വേലികുളത്തിലും, 5 -ാം വാർഡിൽ വിട്ടിയോടുകുളത്തിലും, 6 -ാം വാർഡിൽ തട്ടാൻകുളത്തിലും, 7 -ാം വാർഡിൽ ആരിശ്ശേരിച്ചിറകുളത്തിലും, 8 -ാം വാർഡിൽ പുച്ചെടികുളത്തിലും, 9 -ാം വാർഡിൽ കരുമാനൂർകുളത്തിലും, 10 -ാം വാർഡിൽ പുളിയൻകുളത്തിലും, 11 -ാം വാർഡിൽ കൽകുളത്തിലും, 12 -ാം വാർഡിൽ കാവുകുളത്തിലും, 13 -ാം വാർഡിൽ ഉടപ്പുകുളത്തിലും, 14 -ാം വാർഡിൽ പുലിക്കോട്ടുക്കോണം കുളത്തിലും, 15 -ാം വാർഡിൽ തെറ്റികുളത്തിലും കരകൾ ഉയർത്തിക്കെട്ടി, ആഴപ്പെടുത്തി വെള്ളം സംഭരിച്ച് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കിയാൽ കുറഞ്ഞത് 150 ഹെക്ടർ സ്ഥലത്തുകൂടി തെങ്ങ് കൃഷി വികസിപ്പിക്കുവാൻ കഴിയും.

2) നെൽകൃഷി, വാഴകൃഷി എന്നിവയുടെ വികസനത്തിനുവേണ്ടി പഞ്ചായത്തിലെ നികന്നും, കര ഇടിഞ്ഞും കിടക്കുന്ന താഴെ പറയുന്ന കുളങ്ങൾ കരകെട്ടി ആഴപ്പെടുത്തി ജലം സംഭരിക്കാൻ സജ്ജമാക്കണം.

| | |
|---|---|
| വാർഡ് 1 | മണപ്പഴഞ്ഞികുളം, മേലെകിടാരക്കുഴികുളം, ചുണ്ടൻകുളം, പുതുക്കോട്ടുകുളം, മലക്കകുളം, കല്ലൂർക്കോണംകുളം. |
| വാർഡ് 2 | കണ്ണംകോട്ടുകുളം, വണ്ടിച്ചിറകുളം മണ്ണാംകുളം, തുറുവാരക്കുളം, മാണംകോട്ടുകുളം, കാവുകുളം, കൊല്ലിയോടുകുളം. |
| വാർഡ് 3 | പുത്രാകുളം, മൂണ്ടുതോട്ടം കുളം, തോട്ടത്തുകുളം, മുലച്ചക്കുഴികുളം അറുതലച്ചികുളം, പശുക്കോട്ടുകുളം, മഴുവഞ്ചേരികുളം. |
| വാർഡ് 4 | മാവറകുളം, കുറുംകുട്ടികുളം, ചിറക്കുളം. |
| വാർഡ് 5 | കോട്ടിയംമൂലക്കുളം, മണ്ണാൻകുളം, കാരയ്ക്കാക്കുളം. തത്താമത്ത് കുളം, ആയാത്തു കുളം |
| വാർഡ് 6 | തട്ടാൻകുളം, പുതുശ്ശേരിക്കുളം. |
| വാർഡ് 7 | കോതമംഗലം കുളം, കലശംകുളം, കുണ്ടുവെട്ടിക്കുളം, പാലക്കുഴികുളം, ചെക്കുമുട് കുളം. |

| | |
|---|---|
| വാർഡ് 8 | ചാലക്കുളം |
| വാർഡ് 9 | ചെവിട്ടോട്ടുകുളം, നെടുങ്ങോട്ടുകുളം. |
| വാർഡ് 10 | കാട്ടാംകുളം, കാട്ടുകുളം. പുളിയൻ കുളം. |
| വാർഡ് 11 | ദേവികുളം, കൽക്കുളം, പൊട്ടക്കുളം, തച്ചൂർക്കുളം, കണിയാരങ്കോട്ടുകുളം, പാൽക്കുളം. |
| വാർഡ് 12 | പുതുക്കുളം, ഊറാകുളം, കൈതകുളം, തച്ചോട്ടുകുളം. |
| വാർഡ് 13 | തവളയില്ലാക്കുളം, ഉടപ്പുകുളം, നെടുവാക്കുളം, ചെമ്പരംകുളം, പുത്തൻകുളം, കാക്കോട്ടുകുളം. |
| വാർഡ് 14 | ഏറകുളം, മഞ്ചാടിക്കുളം, പൊന്നംകുളം, കാവുകുളം. |

3) പച്ചക്കറി കൃഷി വികസനത്തിന് പഞ്ചായത്തിലെ 1 -ാം വാർഡിൽ മുല്ലശ്ശേരികുളം, മാധവശ്ശേരികുളം, 5 -ാം വാർഡിൽ ചെന്താഴത്തുകുളം, 6-ാം വാർഡിൽ പുതുശ്ശേരികുളം, 7-ാം വാർഡിൽ പാലക്കുഴികുളം, നീർക്കോലികുളം, 14 -ാം വാർഡിൽ ആലംകുളം എന്നീ കുളങ്ങൾ ആഴപ്പെടുത്തി സൈഡ് കെട്ടി ജലസംഭരണ ശേഷിവർദ്ധിപ്പിക്കണം. 12 -ാം വാർഡിൽ തച്ചോട്ടുകുളം കരകെട്ടി ആഴപ്പെടുത്തി ജലസംഭരണശേഷി വർദ്ധിപ്പിക്കുന്നതോടൊപ്പം ചാനലിൽനിന്നും പമ്പ്സെറ്റ് സ്ഥാപിച്ച് ജലം സംഭരിക്കാൻ ആവശ്യമായ നിർമ്മാണ പ്രവർത്തനം നടത്തണം.

4) കാർഷിക ആവശ്യത്തിലേക്കുള്ള വെള്ളം പാഴായി പോകാതെ സംഭരിക്കുന്നതിനും, ബണ്ടുകൾ പൊട്ടി കൃഷിനാശം സംഭവിക്കാതിരിക്കാനും താഴെ പറയുന്ന തോടുകളിൽ സൈഡ് കെട്ടി ജല സംരക്ഷണം, മണ്ണ് സംരക്ഷണം, എന്നിവ ഉറപ്പ് വരുത്താൻ സാധിക്കും.

| | |
|---|---|
| വാർഡ് 1 | 1 പിണറക്കാല മണപ്പഴഞ്ഞി തോട്<br>2 കിടാരക്കുഴി കല്ലൂർക്കോണം തോട്<br>3. കിടാരക്കുഴി അയ്യൻകോവിൽ തോട് |
| വാർഡ് 2 | 1. കണ്ണങ്കോട് കാവുകുളം തോട്<br>2 കൊല്ലിയോട് കാവുകുളം തോട്<br>3 വണ്ടിച്ചിറ കാവുകുളം തോട് |
| വാർഡ് 3 | 1 പശുകോട്ടുകോണം കുഴക്കോട്ടു കോണം വണ്ടിച്ചിറ തോട്<br>2 മാളികക്കുളം കുഴക്കോട്ടു കോണംതോട്<br>3 മൂലച്ചൽക്കുഴി പൊന്നംകുളം തോട് |
| വാർഡ് 4 | 1 മാവറകുളം തവളയില്ലാക്കുളം തോട് |
| വാർഡ് 5 | 1 വാഴോട് മരുതറയ്ക്കൽ തോട്<br>2 ആയാത്തുകുളം തട്ടാൻകുളം തോട്<br>3 കാരയ്ക്കാക്കുളം തവളയില്ലാക്കുളം തോട്<br>4 ആയാത്തുകുളം തവളയില്ലാക്കുളം |
| വാർഡ് 6 | 1 പുതുശ്ശേരിക്കുളം കാരയ്ക്കൽക്കുളം തോട് |
| വാർഡ് 7 | 1 ചിറക്കുളം മുതൽ തൊട്ടിപ്പാലം വരെയുള്ള തോട്<br>2. ചെക്കുമൂട് ചിറക്കുളം തോട്<br>3 തിരുത്തറവിളാകം ഒലിപ്പുമുട് തോട്<br>4 കോതമംഗലത്തുകുളം അരുവി ക്കുഴി തോട് |

| | |
|---|---|
| വാർഡ് 8 | ഇലങ്കം മുതൽ ചാലയ്ക്കൽ കുളം വരെയുള്ള തോട് |
| വാർഡ് 9 | കരുമാനൂർകുളം മുതൽ കാരാളി വരെയുള്ള തോട് |
| വാർഡ് 10 | കാട്ടുകുളം പുതുക്കുളം തോട് |
| വാർഡ് 11 | 1. പി.പി.എം. ജംഗ്ഷൻ മുതൽ തെറ്റിയോട് കാഞ്ഞിരംകുഴി വഴി മുനിവർതോട്ടം വരെയുള്ള തോട്<br>2 കാട്ടാവിള മുനിവർ തോട്ടം തോട്<br>3. കണിയാരംകോട് മുതൽ മുനിവർ തോട്ടം തോട് |
| വാർഡ് 12 | 1 കല്ലുവിള കൈതകുളം തോട്<br>2 വന്യക്കോട് കാരാളി തോട്<br>3 ഊറാക്കുളം മുണ്ടപ്ലാവിള തോട് |
| വാർഡ് 13 | 1 ചാലയ്ക്കൽ തോടുമുതൽ വളമൂട്ടം വരെയുള്ള തോട്<br>2 തവളയില്ലാക്കുളം മുതൽ ഇരട്ട തോട് വരെ<br>3 പവതിയാൻവിള ഉടപ്പുകുളം തോട് |
| വാർഡ് 14 | 1 ഏലംകോട് വണ്ടിച്ചിറ തോട്<br>2 ആലങ്കുളം വണ്ടിച്ചിറ തോട്<br>3 വണ്ടിച്ചിറ പുതുക്കുളം തോട്<br>4 കൊടിത്തറക്കുഴി വണ്ടിച്ചിറ തോട്<br>5 മഞ്ചാടിക്കുളം കല്ലുപാലം |

മുറിയതോട്ടം വാർഡിൽ ചാലയ്ക്കൽ ഏലായുടെ മധ്യഭാഗത്ത് ഓടകെട്ടി കൃഷിനാശം ഒഴിവാക്കണം.

നിലങ്ങളിൽ മറ്റു കൃഷികൾ ചെയ്യുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്. കൃഷിആഫീസറുടെ അനുമതിക്ക് വിധേയമായി നാലു കൊല്ലത്തിലൊരിക്കൽ ഒരു കൊല്ലം കൊണ്ട് അവസാനിക്കുന്ന ഇടവിള കൃഷി ചെയ്യാവുന്നതാണ്.

ജലസേചന സൗകര്യങ്ങൾക്കായി പരശുവയ്ക്കലിലെ ചിറക്കുളം, പെരുന്തലക്കുളം എന്നിവ കുഴിച്ച് സൈഡ് വാൾ കെട്ടേണ്ടതാണ്. കണിയാരംകോട് സബ് ചാനൽ മണ്ണുമാറ്റി സൈഡ്വൾ കെട്ടുകയും വണ്ടിച്ചിറ നിന്നും പരശുവയ്ക്കൽ വലിയതോട് വരെ കൈചാനൽ വെട്ടുകയും നെടിയാംകോട് ഈന്തിക്കാല – കരിച്ചൽ തോട്ടിൽ ഒരു സ്ലൂയിസ് നിർമ്മിച്ചു ജലസേചന സൗകര്യം വർദ്ധിപ്പിക്കണം.



# II. ഫിഷറീസ്
# മൃഗപരിപാലനം

# ഫിഷറീസ് /മൃഗപരിപാലനം

## ഫിഷറീസ്

### നേരിടുന്ന പ്രശ്നങ്ങൾ

1) നല്ലയിനം മത്സ്യകുഞ്ഞുങ്ങൾ ആവശ്യത്തിന് ലഭിക്കുന്നില്ല

2) മത്സ്യകൃഷി സംബന്ധിച്ചും, രോഗ പ്രതിരോധ നടപടികളെക്കുറിച്ചും, വേണ്ടത്ര പരിശീലനം ലഭിക്കുന്നില്ല.

3) മത്സ്യകൃഷിക്ക് ഉപയോഗിക്കുന്ന കുളങ്ങൾ വേർതിരിച്ച് നൽകാത്തതുവഴി കൃഷിവികസനത്തിന് തടസങ്ങൾ.

4) ജല സംഭരണത്തിന് ആവശ്യമായ സംവിധാനങ്ങൾ ഇല്ല.

#### നടപ്പിലാക്കേണ്ട കാര്യങ്ങൾ

1) മൽസ്യകൃഷി സംബന്ധമായ ആധുനിക സാങ്കേതിക പരിശീലനം നൽകാൻ ഒരു പരിശീലന കേന്ദ്രം ആരംഭിക്കണം.

2) നല്ലയിനം മത്സ്യകുഞ്ഞുങ്ങൾ സൗജന്യമായി കർഷകർക്ക് നൽകണം.

3) മൽസ്യ കൃഷിക്കുവേണ്ടി വേർതിരിക്കുന്ന പൊതുകുളങ്ങൾക്ക് സർക്കാർ ചെലവിൽ ഫെൻസിംഗ് നിർമ്മിക്കണം.

4) മൽസ്യകൃഷി വികസനത്തിനും ഗ്രാമങ്ങൾക്ക് ആവശ്യമായ മൽസ്യം ഇവിടെ തന്നെ ഉൽപ്പാദിപ്പിക്കാനും താഴെ പറയുന്ന കുളങ്ങളിൽ കുടി മൽസ്യകൃഷി ആരംഭിക്കുകയും ജലം സംഭരിച്ചു നിറുത്താൻ കുളം ആഴപ്പെടുത്തി കരകെട്ടുകയും വേണം.

(1) കാവുകുളം (കുഴക്കോട്ടുകോണം) (2) ഊറാകുളം (3) കാവുകുളം (ചെറുവാരക്കോണം) (4) നെടുവാകുളം (5) കാക്കോട്ടുകുളം (6) പുത്തൻകുളം (7) പുളിയൻകുളം (8) കാട്ടുകുളം (9) കാട്ടാംകുളം (10) മാവറകുളം (11) കുറുംകുട്ടി കുളം (12) ചിറക്കുളം (13) ഇലഞ്ഞിവേലികുളം (14) ആലംകുളം. (15) കാവുകുളം (മേലേക്കോണം) (16) പുതുക്കുളം (17) കൽക്കുളം (18) പൊട്ടക്കുളം (19) കണിയാരംകോട്ടുകുളം (20) പാൽക്കുളം (21) ദേവികുളം (22) പുതുശ്ശേരിക്കുളം (23) തട്ടാൻകുളം (24) പടപ്പുറകുളം (25) ആയാത്തുകുളം ( 26) മണ്ണാംകുളം (27) തത്താമത്തുകുളം (28) വിട്ടിയോട്ടുകുളം (29) കണ്ണംമൂലകുളം (30) ചിന്നംകോട്കുളം (31) കലശംകുളം (32) ആരിശ്ശേരി ചിറക്കുളം (33) ചെക്ക്മുട്കുളം (34) വാഴോട്ടുകുളം (35) ഗോവിന്ദമംഗലത്ത് കുളം (36) കിടാരികുളം (37) താമരകുളം (38) മേലെകിടാരിക്കുഴികുളം (39) കല്ലൂർക്കോണംകുളം (40) മണപ്പഴഞ്ഞികുളം (41) പനന്തടിക്കോണംകുളം, (42) കരയ്ക്കൽകുളം (43) ചെന്താഴത്തുകുളം

5) മൽസ്യ സംഭരണ വിതരണ സംസ്ക്കരണ കേന്ദ്രം സ്ഥാപിക്കണം.

6) പഞ്ചായത്തിലെ എല്ലാ കുളത്തിലും ശുദ്ധജല മത്സ്യകൃഷി നടപ്പിലാക്കണം.

7) മത്സ്യകൃഷിക്കുവേണ്ടി രണ്ടാം വർഡിലെ പനന്തടിക്കോണം കുളം ആഴപ്പെടുത്തി കരകെട്ടണം.

# ഫിഷറീസ്/മൃഗപരിപാലനം

## മൃഗപരിപാലനം

***നേരിടുന്ന പ്രശ്നങ്ങൾ***

1 നല്ല ഇനം വളർത്തുമൃഗങ്ങൾ സ്വന്തമായി വാങ്ങി വളർത്തുവാനുള്ള ശേഷി സാധാരണക്കാർക്ക് ഇല്ല.

2 ഉൽപ്പന്നങ്ങളിൽ നിന്നും ലഭിക്കുന്ന ആദായം കൊണ്ട് മൃഗപരിപാലനം അസാദ്ധ്യമായിരിക്കുന്നു.

3) രോഗപ്രതിരോധ സംവിധാനങ്ങൾ അപര്യാപ്തമാണ്.

4) പുൽ, വൈക്കോൽ എന്നിവയുടെ ലഭ്യത കുറഞ്ഞുവരുന്നു

5) കാലിതീറ്റകളുടെ വില ക്രമാതീതമായി വർദ്ധിച്ചുവരുന്നു.

***നടപ്പിലാക്കേണ്ട കാര്യങ്ങൾ***

1. അത്യുൽപാദനശേഷിയുള്ള പശുക്കൾ പ്രതിവർഷം പഞ്ചായത്തു തലത്തിൽ 1000 യുണിറ്റ് വീതം 60% സബ്സിഡിയോടെ ലോൺ വഴി വിതരണം ചെയ്യണം

2. പ്രതിവർഷം വാർഡ് ഒന്നിന് 100 യൂണിറ്റ് (ഒരു യൂണിറ്റ് 2 എണ്ണം) ആടുകൾ 50% സബ്സിഡിയോടെ മുഴുവൻ തുകയും ലോണായി നൽകണം.

3. മേലക്കോണം വാർഡിൽ 1000 ആടുകൾക്കുള്ള ഒരു ആട് വളർത്തൽ കേന്ദ്രം ആരംഭിക്കണം.

4. പ്രതിവർഷം 1500 യൂണിറ്റ് നല്ലയിനം കോഴികുഞ്ഞുങ്ങൾ വീതം (ഒരു യൂണിറ്റ് 5 എണ്ണം) സൗജന്യമായി വിതരണം ചെയ്യുക. കോഴിക്കുട് നിർമ്മാണത്തിന് 50% സബ്സിഡി അനുവദിക്കുകയും കോഴിമുട്ട സംഭരണത്തിന് ഒരു സഹകരണ കേന്ദ്രം ആരംഭിക്കുകയും വേണം ഇറച്ചിക്കോഴി വളർത്തൽ പ്രോൽസാഹിപ്പിക്കണം.

5. പ്രതിവർഷം 100 യൂണിറ്റ് പന്നികുഞ്ഞുങ്ങൾ (ഒരു യൂണിറ്റ് 2 എണ്ണം) സബ്സിഡി റേറ്റിൽ നൽകണം. നിലവിലുള്ള പിഗ്ഗറി യൂണിറ്റ് വിപുലപ്പെടുത്തുകയും പന്നി ഇറച്ചി വിപണന കേന്ദ്രം ആരംഭിക്കുകയും വേണം.

6. പ്രതിവർഷം 100 യൂണിറ്റ് മുയൽ (ഒരു യൂണിറ്റ് 8 എണ്ണം) സൗജന്യമായി വിതരണം ചെയ്യണം.

7. എല്ലാ വാർഡിലും പാൽസൊസൈറ്റി സ്ഥാപിച്ചു പാൽ സംഭരണ, വിതരണ, സംസ്ക്കരണ സംവിധാനം ഏർപ്പെടുത്തണം.

8) പച്ച പുൽകൃഷി വ്യാപകമാക്കാൻ ആവശ്യമായ വിത്ത്, വളം എന്നിവ സൗജന്യമായി നൽകുക. പുൽകൃഷി ചെയ്യുന്നകർഷകന് സെന്റ് ഒന്നിന് 100 രൂപ സബ്സിഡി നൽകുക. 25 സെന്റിന് മുകളിൽ പുൽകൃഷി ചെയ്യുന്നവർക്ക് കിണർ, പമ്പ്സെറ്റ് എന്നിവ 50% സബ്സിഡിയോടെ മുഴുവൻ തുകയും ലോണായി നൽകണം.

9. പഞ്ചായത്ത് തലത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കണം.

10. ക്ഷീര സംഘങ്ങളുടെ കീഴിൽ വാർഡ്തോറും മൃഗചികിൽസ നടപ്പാക്കുന്നതിന് പ്രാഥമിക പരിശീലനം ലഭിച്ച ആളെ നിയോഗിക്കുക. ഇതിലേയ്ക്ക് വരുന്ന ചെലവിന്റെ 50% ക്ഷീര സംഘവും 50% ക്ഷീര കർഷകനും വഹിക്കുക.

11 പ്രതിവർഷം 50% ഗോബർ ഗ്യാസ്പ്ലാന്റുകൾ സ്ഥാപിക്കുകയും 60% തുക സബ്സിഡിയായി നൽകുകയും വേണം.

12. കാലിതൊഴുത്ത് നിർമ്മാണത്തിന് 50% സബ്സിഡി അനുവദിക്കണം.

13. കന്നുകാലികളടെ ഇൻഷൂറൻസ് നിർബന്ധമാക്കുകയും 50% തുക സർക്കാർ വഹിക്കുകയും വേണം.

14. കന്നുകാലികൾക്ക് ആവശ്യമായ മരുന്നുകൾ സൗജന്യ നിരക്കിൽ വിതരണം ചെയ്യുക. നെടിയാംകോട് മൃഗാശുപത്രിക്ക് കെട്ടിടം നിർമ്മിച്ചു പ്രവർത്തനം കാര്യക്ഷമമാക്കുവാനും നടപടികൾ സ്വീകരിക്കണം.

15. കന്നുകാലികൾക്കുള്ള കുത്തിവയ്പിന് (കൃത്രിമ ബീജസങ്കലനം) 10 രൂപയെങ്കിലും സബ്സിഡി അനുവദിക്കണം. ആമ്പാടിയിൽ ഒരു കുത്തിവയ്പ്പ് കേന്ദ്രം ആരംഭിക്കണം

16. മിനറൽ മിക്സർ, മീനെണ്ണ എന്നിവ സബ്സിഡി നൽകി വിതരണം ചെയ്യണം.

17. ആറു മാസത്തിലൊരിക്കൽ വാർഡ് അടിസ്ഥാനത്തിൽ ബോധവർക്കരണ ക്യാമ്പ് സംഘടിപ്പിക്കണം.

18. ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മാതൃകാ ഡയറിയൂണിറ്റ് തുടർന്ന് നടപ്പിലാക്കുകയും, സബ്സിഡി തുക വർദ്ധിപ്പിക്കുകയും ചെയ്യണം.

19. അത്യുൽപാദനശ്ഷിയുള്ള എരുമകൾ പ്രതിവർഷം 300 യൂണിറ്റ് പഞ്ചായത്ത് തലത്തിൽ 60% സബ്സിഡിയോടെ ലോണായി വിതരണം ചെയ്യണം.

20. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ എരുമകുട്ടികളേയും ഉൾപ്പെടുത്തുണം.

21. പഞ്ചായത്തിൽ നിലവിലുള്ള കുളങ്ങളുടേയും ബണ്ടുകളുടെയും വശങ്ങളിൽ പുൽകൃഷി ചെയ്യണം.

22. പോഷകമൂല്യമില്ലാത്ത വൈക്കോലിനെ യൂറിയ ചേർത്ത് പോഷകപ്രദമായ ഒരു കാലിത്തീറ്റയാക്കി മാറ്റുന്ന പദ്ധതി വ്യാവസായികാടിസ്ഥാനത്തിൽ നടപ്പിലാക്കണം. പഞ്ചായത്ത് തലത്തിൽ ഒരു പാൽ ശീതീകരണകേന്ദ്രവും ആധുനിക മാംസ്യ സംസ്ക്കരണ ശീതികരണശാലയും സ്ഥാപിക്കണം

23. പരശുവയ്ക്കലിൽ ഒരു മൃഗാശുപത്രി സ്ഥാപിക്കണം. പഞ്ചായത്ത് തലത്തിൽ ഇറച്ചിക്കോഴികുഞ്ഞുങ്ങളും, തീറ്റയും സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം.

24. വളർത്തുനായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ് നടത്തുകയും ലൈസൻസ് ഏർപ്പെടുത്തുകയും ചെയ്യണം.

25. നായ്ക്കളെ വന്ധീകരിക്കണം.

26. കോളനികളിൽ ലഭ്യമാക്കുന്ന സൗജന്യങ്ങൾ ദുർബലവിഭാഗത്തിൽപ്പെട്ട ജനങ്ങൾക്കും കിട്ടത്തക്കവിധത്തിലുള്ള സംവിധാനം ഏർപ്പെടുത്തുക.

## വളർത്തു മൃഗങ്ങൾ

| മൃഗങ്ങൾ | നാടൻ | സങ്കരം | ആകെ | കറവ ഉള്ളത് | കറവ ഇല്ലാത്തത് |
|---|---|---|---|---|---|
| കാള | 117 | 225 | 342 | — | — |
| പശു | 629 | 3795 | 4424 | 1443 | 2981 |
| എരുമ | — | — | 462 | 300 | 162 |
| പോത്ത് | — | — | 151 | — | — |
| ആട് | — | — | 3413 | — | — |
| പട്ടി | — | — | 3049 | — | — |

## വളർത്തു പക്ഷികൾ

| പക്ഷികൾ | ആൺ | പെൺ | ആകെ | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് |
|---|---|---|---|---|---|
| കോഴി | 5419 | 36595 | 42014 | 10297 | 26298 |
| താറാവ് | 120 | 400 | 520 | — | — |
| മറ്റുള്ളവ | 160 | 140 | 300 | — | — |

# III. വിദ്യാഭ്യാസം

# വിദ്യാഭ്യാസം

പഞ്ചായത്തിൽ സർക്കാർ, എയ്ഡഡ് മേഖലകളിൽ ഒരു തമിഴ് വിദ്യാലയം ഉൾപ്പെടെ നാല് ഹൈസ്ക്കൂളുകളും, ഒരു റ്റീച്ചർ ട്രെയിനിംഗ് സെന്റർ, ഒരു ബി.എഡ് കോളേജ്, ഒരു വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂൾ, ആറ് യു.പി. സ്ക്കൂൾ, പതിനാല് എൽ.പി. സ്ക്കൂൾ എന്നിവയും, ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, ഒരു ഐ.റ്റി.സി, മൂന്ന് ടെയ്ലറിംഗ് സ്ക്കൂളുകൾ, ഒരു പ്രീ–പ്രൈമറി റ്റീച്ചർ ട്രെയിനിംഗ് സ്ക്കൂൾ, പതിനഞ്ച് ട്യൂട്ടോറിയൽ കോളേജുകൾ, ഒരു അംഗനവാടി, മൂന്ന് ബാലവാടികൾ, സ്വകാര്യ സ്ഥാപനങ്ങൾ നടത്തുന്ന പതിനെട്ട് നേഴ്സറി സ്ക്കൂളുകൾ, അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം എൽ.പി. സ്കൂളുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു. വിദ്യാഭ്യാസ ഉപജില്ലയായ പാറശ്ശാലയിൽ ഒരു എ.ഇ.ഒ ഓഫീസും പ്രവർത്തിച്ചു വരുന്നു. ആദ്യമായി ആരംഭിക്കപ്പെട്ട എം.എം. സ്ക്കൂൾ ഇപ്പോൾ ഗവ. V.H.S.S,-ം ആദ്യത്തെ ഹൈസ്ക്കൂൾ ഇവാൻസ് മാനേജ്മെന്റ് സ്ക്കൂളും ഇന്നും ഉന്നത നിലവാരം പുലർത്തുന്ന സ്ക്കൂളുകളായി തന്നെ പ്രവർത്തിച്ചു വരുന്നു.

തമിഴ്നാട് അതിർത്തിയോട് ചേർന്ന് കിടക്കുന്ന ഈ പഞ്ചായത്തിൽ ഇതുവരെ ഒരു ഉന്നത വിദ്യാഭ്യാസ കേന്ദ്രം ഉണ്ടാകാത്തത് ഒരു വീഴ്ചയായി തന്നെ തുടരുന്നു. മനുഷ്യന്റെ ജീവിതത്തിന് മാർഗ്ഗം തെളിക്കാത്ത വിദ്യാഭ്യാസരീതി കൊണ്ട് അപകടകരമായ ഭാവിയിലേയ്ക്ക് നീങ്ങികൊണ്ടിരിക്കുന്നവരും, തലമുറയെ ജീവിത മൂല്യങ്ങളും വികസന കാഴ്ചപ്പാടും അഭ്യസിപ്പിക്കുന്ന പുതിയ വിദ്യാഭ്യാസരീതി നടപ്പാക്കാൻ ആവശ്യമായ കാഴ്ചപാടോടെ വിദ്യാഭ്യാസരംഗത്തിന് ആവശ്യമായ വികസന റിപ്പോർട്ട് തയ്യാറാക്കുന്നു.

## *നേരിടുന്ന പ്രശ്നങ്ങൾ*

1) പ്രൈമറി വിദ്യാഭ്യാസം പരിപോഷിപ്പിക്കപ്പെടുന്നില്ല.

2) യു.പി., ഹൈസ്കൂൾ, ഹയർ സെക്കൻറ്ററി പഠനസൗകര്യം കുറവാണ്.

3) ഉന്നത വിദ്യാഭ്യാസ സൗകര്യം തീരെ ഇല്ല

4) യാത്രാ സൗകര്യങ്ങൾ വളരെ പരിമിതമാണ്.

5) പി.റ്റി.എ കളുടെ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നില്ല.

6) ജീവിത വിദ്യാഭ്യാസത്തിന്റെ ആവശ്യകത ഉൾക്കൊള്ളപ്പെട്ടിട്ടില്ല.

7) സ്ക്കൂൾ കെട്ടിടങ്ങൾ, ചുറ്റുമതിൽ, അടിസ്ഥാനസൗകര്യങ്ങൾ എന്നിവ അപര്യാപ്തമാണ്.

8) ആവശ്യത്തിന് അദ്ധ്യാപകരെ നിയമിക്കാത്തതുകൊണ്ടും പഠനോപകരണങ്ങൾ യഥസമയം നൽകാത്തതുകൊണ്ടും പഠന നിലവാരം കുറയുന്നു.

9) കളിസ്ഥലം, കൃഷിസ്ഥലം എന്നിവയുടെ അപര്യാപ്തത, കുട്ടികളിൽ മൂല്യതകർച്ച ഉണ്ടാക്കുന്നു.

## നടപ്പിലാക്കേണ്ട കാര്യങ്ങൾ

1 പ്രൈമറി സ്ക്കൂളുകളിലെ എല്ലാ കുട്ടികൾക്കും സൗജന്യമായി ഉച്ചഭക്ഷണം, യൂണിഫാം എന്നിവ വിതരണം ചെയ്യണം.

2 പ്രൈമറി സ്ക്കൂളുകളോടനുബന്ധിച്ച് പ്രീ-പ്രൈമറി സ്ക്കൂളുകൾ ആരംഭിക്കണം. നിലവിലുള്ള ഗവ. പ്രീ പ്രൈമറി സ്ക്കൂളുകളിൽ വിദ്യാർത്ഥികളുടെ പ്രവേശനത്തിൽ നിയന്ത്രണം പാടില്ല.

3 പ്രൈമറി സ്ക്കൂളുകളിൽ ആവശ്യമായ അദ്ധ്യാപകരെ നിയമിക്കണം.

4. അപ്പർ പ്രൈമറിതലം മുതൽ തൊഴിലധിഷ്ടിത വിദ്യാഭ്യസം നടപ്പിലാക്കണം.

5 പ്രഥമ അദ്ധ്യാപകർക്ക് കൂടുതൽ അധികാരം നൽകി അദ്ധ്യാപകരെ നിയന്ത്രിക്കണം.

6 എല്ലാ സ്ക്കൂളുകളിലും സാനിട്ടേഷൻ സൗകര്യങ്ങൾ, ചുറ്റുമതിൽ, കുടിവെള്ളം, കളിസ്ഥലം, ഫർണിച്ചർ എന്നിവ ഏർപ്പെടുത്തണം.

7 ഹൈസ്ക്കൂളുകളിൽ ലൈബ്രറികൾ നവീകരിക്കണം.

8 എല്ലാ സ്ക്കൂളുകളിലും വിദ്യാജ്യോതി ഏർപ്പെടുത്തണം.

9 പഠനോപകരണങ്ങൾ യഥാസമയം വിതരണം ചെയ്യണം.

10 അപ്പർ പ്രൈമറി തലത്തിൽ ലാബ് സൗകര്യം ഏർപ്പെടുത്തണം.

11 അൺ എയ്ഡഡ് സ്ക്കൂളുകൾ അനുവദിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തുക.

12 അദ്ധ്യാപകർ, പി.റ്റി.എ., പഞ്ചായത്ത് ഭാരവാഹികൾ, വിദ്യാഭ്യാസ വകുപ്പ് അധികൃതർ ഉൾപ്പെടുന്ന സമിതി രുപീകരിച്ചു മൂന്നു മാസത്തിലൊരിക്കൽ വിദ്യാഭ്യാസ നിലവാരം അവലോകനം നടത്തണം.

അദ്ധ്യാപകരിൽ കൂടുതൽ ഉത്തരവാദിത്വം, പുതിയ വിദ്യാഭ്യാസ സമ്പ്രദായത്തെ കുറിച്ചുള്ള കാഴ്ചപ്പാട് എന്നിവ ഉണ്ടാക്കുന്നതിനായും, രക്ഷകർത്താക്കളിൽ വിദ്യാഭ്യാസത്തിന്റെ ശരിയായ ബോധം വളർത്തുന്നതിനും അധ്യാപകർക്കും രക്ഷകർത്താക്കൾക്കും ബോധവർക്കരണക്ലാസുകൾ നടത്തുക.

14. പഞ്ചായത്തിൽ ഗവ. തലത്തിൽ ഒരു ബി.എഡ്. കോളേജും ഫൈൻ ആർട്സ് കോളേജും, ഒരു വനിതാ കോളേജും, ടെക്നിക്കൽ സ്കൂളും നവോദയസ്കൂളും ആരംഭിക്കണം.

15. പഞ്ചായത്തിൽ രണ്ട് ഡേകെയർ സെന്റർ ആരംഭിക്കണം.

16 14 വയസിനുതാഴെ, സ്കൂളിൽ പഠിക്കാത്ത

കുട്ടികളെ കണ്ടെത്തി അവർക്കുവേണ്ട അക്ഷരവിദ്യ നൽകണം.

17 സ്കൂളുകളിൽ ഷിഫ്റ്റ് സമ്പ്രദായം നിർത്തലാക്കണം.

18 പ്രൈമറി വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് പ്രൈമറി ഹെഡ്മാസ്റ്റർമാരെ ക്ലാസ് ചാർജിൽ നിന്ന് ഒഴിവാക്കണം.

*വാർഡ് നമ്പർ 1*

1. മേയ്പുരം എൽ.എം.എസ്. - എൽ.പി.എസ്. അപ്ഗ്രേഡ് ചെയ്യണം.

*വാർഡ് നമ്പർ 2*

1. പരശുവയ്ക്കൽ എൽ.എം.എസ്. - യു.പി.എസ്. അപ്ഗ്രേഡ് ചെയ്യണം.

*വാർഡ് നമ്പർ 3*

1. പരശുവയ്ക്കൽ വാർഡിൽ ഒരു പ്രീ-പ്രൈമറി സ്ക്കൂളും, ഒരു എൽ.പി. സ്ക്കൂളും ആരംഭിക്കണം

*വാർഡ് നമ്പർ. 4*

1. കുറുംകുട്ടി സാൽവേഷൻ ആർമി എൽ.പി.എസ് അപഗ്രേഡ് ചെയ്യണം.

2. കരുമാനൂരിൽ അംഗനവാടി സ്ഥാപിക്കണം

*വാർഡ് നമ്പർ 6.*

1. കൊടവിളാകം ഗവ എൽ.പി.സ്ക്കൂൾ അപ്ഗ്രേഡ് ചെയ്യണം.

*വാർഡ് നമ്പർ 7*

1. പളുകൽ എൽ.എം.എസ്. എൽ.പി. സ്ക്കൂൾ അപ്ഗ്രേഡ് ചെയ്യണം.

*വാർഡ് നമ്പർ 8*

1. പാറശ്ശാല വൊക്കേഷണൽ ഹയർ സെക്കൻറ്ററിസ്ക്കൂളിൾ കുടുതൽ കോഴ്സുകൾ അനുവദിക്കണം. ടി സ്ക്കൂളിൽ ഹയർ സെക്കൻററിയും അനുവദിക്കണം.

2. പാറശാല ഇവാൻസ് ഹൈസ്ക്കുളിൽ ഹയർ സെക്കൻററി അനുവദിക്കണം.

*വാർഡ് നമ്പർ 9*

1 പാതിരിയോട് കേന്ദ്രമാക്കി ഒരു എൽ.പി. സ്ക്കുൾ അനുവദിക്കണം.

2. സാക്ഷരതാ പ്രവർത്തനം പുനരുദ്ധരിക്കാൻ പാതിരിയോട് കോളനി കേന്ദ്രമാക്കി ഒരു വിദ്യാകേന്ദ്രം ആരംഭിക്കണം.

3. മുള്ളുവിള കേന്ദ്രമാക്കി അംഗൻവാടി അനുവദിക്കണം

*വാർഡ് നമ്പർ 10*

1. ഇഞ്ചിവിള എൽ.പി.സ്ക്കുൾ അപ്ഗ്രേഡ് ചെയ്യണം

*വാർഡ് നമ്പർ 11*

1. ആമ്പാടി ഗവൺമെന്റ് എൽ.പി.എസ്. അപ്ഗ്രേഡ് ചെയ്യണം.

*വാർഡ് 12*

1 ചെറുവാരക്കോണം എൽ.എം.എസ് തമിഴ് ഹൈസ്ക്കൂളിൽ തമിഴ് മീഡിയം ഹയർസെക്കൻറ്ററി അനുവദിക്കണം. കുട്ടികൾക്കു താമസിക്കാൻ ഒരു ഹോസ്റ്റൽ പണിയണം

2. ചെറുവാരക്കോണം സാമുവൽ എൽ.എം. എസ് ഹൈസ്ക്കൂളിൽ മലയാളം, ഇംഗ്ലീഷ് മീഡിയം ഹയർസെക്കന്ററി അനുവദിക്കണം.

3. ചെറുവാരക്കോണം കേന്ദ്രമാക്കി ഒരു പോളിടെക്നിക്ക് സ്കൂൾ ആരംഭിക്കണം.

4. ചെറുവാരക്കോണം എൽ.എം.എസ് കാമ്പസ്സിൽ ഒരു കോളേജ് അനുവദിക്കണം.

5. ഒരു കാർപ്പൻററി ട്രെയിനിംഗ് സെൻററും ഉൽപ്പാദന കേന്ദ്രവും ആരംഭിക്കണം.

*വാർഡ് നമ്പർ 14*

1. കൊടിത്തറക്കുഴിയിൽ ഒരു അംഗൻവാടി സ്ഥാപിക്കണം. പതിനാലാം വാർഡിലെ എ.എം.എസ്. എൽ.പി. സ്കൂളിനെ യു.പി. സ്ക്കുൾ ആക്കണം.

*വാർഡ് നമ്പർ 15*

1. എച്ച്.ഐ. നഴ്സറി ആന്റ് എൽ.പി.സ്കൂൾ എയ്ഡഡ് സ്കൂൾ ആക്കണം.

വാർഡ് 15 ലെ ഭാരതിയ വിദ്യാപീഠം എയ്ഡഡ് സ്കൂൾ ആക്കണം.

പഞ്ചായത്തിൽ വൈദ്യുതീകരിക്കാത്ത സ്ക്കൂളുകൾ വൈദ്യുതീകരിക്കണം.

പഞ്ചായത്തിൽ ജി.എച്ച്.എസ്. നും ഇവാൻസ് എച്ച്.എസ്. നും സമീപം ട്രാഫിക് സംവിധാനം ഏർപ്പെടുത്തണം.

സ്ക്കൂൾ തല്ത്തിൽ ടെയ്ലറിംഗ്, നെയ്ത്ത് എന്നിവയ്ക്ക് പരിശീലകരെ നിയമിക്കണം.

വിദ്യാർത്ഥികൾക്കായി എല്ലാ റൂട്ടുകളിലും പ്രത്യേക ബസ് സർവ്വീസ് നടത്തണം.

## സ്കൂളുകൾ, കുട്ടികൾ, അദ്ധ്യാപകരെ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | കുട്ടികളുടെ എണ്ണം – | | | അദ്ധ്യാപകരുടെ എണ്ണം |
|---|---|---|---|---|---|---|
| | | | ആൺ | പെൺ | അകെ | |
| 1 | ഗവ. എൽ.പി.എസ്. പരശുവയ്ക്കൽ | സർക്കാർ | 44 | 45 | 89 | 4 |
| 2 | ഗവ. എൽ.പി.എസ്, അയ്ങ്കാമം | | 71 | 89 | 160 | 6 |
| 3 | ഗവ. എൽ.പി.എസ്, പാറശ്ശാല | ,, | 126 | 118 | 294 | 8 |
| 4 | ഗവ. എൽ.പി.എസ്, ആലത്തോട്ടം | | 126 | 119 | 245 | 8 |
| 5 | ഗവ. എൽ..പി.എസ്. കൊടവിളാകം | ,, | 115 | 133 | 248 | 7 |
| 6 | ഗവ. എൽ. പി.എസ്, ഇഞ്ചിവിള | ,, | 91 | 100 | 191 | 8 |
| 7 | എൽ.പി.ജി.എസ്., പാറശ്ശാല | ,, | 89 | 85 | 174 | 7 |
| 8 | എസ്.എ.എൽ.പി.എസ് കുറുംകുട്ടി | എയ്ഡഡ് | 106 | 100 | 206 | 7 |
| 9 | എൽ.എം.എസ്.എൽ.പി.എസ്. മേയ്പൂരം | ,, | 212 | 198 | 410 | 10 |
| 10 | സാമുവൽ എൽ.എം.എസ്.എൽ.പി.എസ് പാറശ്ശാല | ,, | 140 | 180 | 320 | 10 |
| 11 | എൽ.എം.എസ്.എൽ.പി.എസ്. പളുകൽ | ,, | 133 | 180 | 264 | 10 |
| 12 | എൽ.പി.എസ്. പാറശ്ശാല | ,, | 65 | 55 | 120 | 6 |
| 13 | എച്ച്.എം.എസ്.എൽ.പി.എസ് കരുമാനൂർ | ,, | 139 | 117 | 256 | 6 |
| 14 | എൽ.എം.എസ്.എൽ.പി.എസ് പൊന്നംകുളം | ,, | 70 | 78 | 148 | 4 |
| 15 | ഇവാൻസ് യു.പു.എസ്. പാറശ്ശാല | ,, | 463 | 264 | 727 | 20 |
| 16 | എൽ.എം.എസ്.യു.പി.എസ് പരശുവയ്ക്കൽ | ,, | 441 | 421 | 862 | 24 |
| 17 | സാമുവൽ എൽ.എം.എസ്.എച്ച്.എസ് പാറശ്ശാല | ,, | 75 | 88 | 163 | 20 |
| 18 | എൽ.എം.എസ്. തമിഴ് എച്ച്.എസ് പാറശാല | ,, | 75 | 88 | 163 | 20 |
| 19 | ഗവ. ജി.എച്ച്.എസ്. പാറശാല | സർക്കാർ | 432 | 1084 | 1516 | 52 |
| 20 | ഇവാൻസ് എച്ച്.എസ്. പാറശാല | എയ്ഡഡ് | 708 | 278 | 986 | 34 |

# വിദ്യാലയ സൗകര്യങ്ങൾ

| ക്രമ നമ്പർ | സ്ക്കൂളിന്റെ പേര് | സ്റ്റാഫ്മുറി | ലബോറട്ടറി | ലൈബ്രറി | മൂത്രപ്പുര | കക്കൂസ് | പാചകമുറി | വൈദ്യുതി | കളിസ്ഥലം | കിണർ |
|---|---|---|---|---|---|---|---|---|---|---|
| 1 | ഗവ. എൽ.പി.എസ്. പരശുവയ്ക്കൾ | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 2 | ഗവ. എൽ.പി.എസ്. അയ്ങ്കാമം | ഇല്ല | ഉണ്ട് | ഉണ്ട് | 2 | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 3 | ഗവ. എൽ.പി.എസ്. പാറശ്ശാല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 4 | ഗവ. എൽ.പി.എസ്. ആലത്തോട്ടം | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 5 | ഗവ. എൽ.പി.എസ്. കൊടവിളാകം | ഇല്ല | ഉണ്ട് | ഉണ്ട് | 2 | 1 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 6 | ഗവ. എൽ.പി.എസ്. ഇഞ്ചിവിള | ഇല്ല | ഇല്ല | ഇല്ല | 1 | 1 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 7 | എൽ.പി.ജി.എസ്. പാറശാല | ഇല്ല | ഇല്ല | ഇല്ല | 1 | 1 | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| 8 | എസ്.എ.എൽ.പി.എസ്. കുറുംകുട്ടി | ഇല്ല | ഉണ്ട് | ഉണ്ട് | 2 | 2 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 9 | എൽ.എം.എസ്.എൽ.പി.എസ്.മേയ്പുരം | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 10 | സാമുവൽ എല്.എം.എസ്.എൽ.പി.എസ് പാറശാല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 11 | എൽ.എം.എസ്.എൽ.പി.എസ്. പളുകൽ | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 12 | എൽ.പി.എസ്. പാറശാല | ഉണ്ട് | ഉണ്ട് | ഇല്ല | 2 | 2 | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 13 | എച്ച്.എം.എസ്.എൽ.പി.എസ്. കരുമാനൂർ | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 1 | ഇല്ല | ഇല്ല | ഇല്ല |
| 14 | എൽ.എം.എസ്.എൽ.പി. പൊന്നുംകുളം | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 1 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 15 | ഇവാൻസ് യു.പി.എസ്. പാറശാല | ഉണ്ട് | ഉണ്ട് | ഉണ്ട് | 2 | 3 | ഉണ്ട | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 16 | എൽ.എം.എസ്.യു.പി.എസ്. പരശുവയ്ക്കൽ | ഉണ്ട് | ഉണ്ട് | ഉണ്ട് | 1 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 17 | സാമുവൽ എൽ.എം.എസ്.എച്ച്.എസ് പാറശ്ശാല | ഉണ്ട് | ഉണ്ട് | ഉണ്ട് | 2 | 2 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 18 | എൽ.എം.എസ്. തമിഴ് എച്ച്.എസ്. പാറശ്ശാല | ഉണ്ട് | ഉണ്ട് | ഉണ്ട് | 1 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 19 | ഗവ. ജി.എച്ച്.എസ്. പാറശാല | ഉണ്ട് | ഉണ്ട് | ഉണ്ട് | 4 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 20 | ഇവാൻസ് എച്.എസ്. പാറശാല | ഉണ്ട് | ഉണ്ട് | ഉണ്ട് | 2 | 2 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |

# IV. ആരോഗ്യം
# പരിസരശുചീകരണം
# കുടിവെള്ളം

## ആരോഗ്യനിലവാരം

പാറശ്ശാല ഗവൺമെന്റ് ആശുപത്രി

| വർഷം | ഇൻപേഷ്യന്റ് എണ്ണം | ഔട്ട് പേഷ്യന്റ് എണ്ണം | രോഗങ്ങൾ | | | |
|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | പകർച്ച വ്യാധികൾ | മറ്റുള്ള രോഗങ്ങൾ | ആകെ |
| 1992-93 | 8607 | 102043 | 1994 | 8916 | 99740 | 110650 |
| 1993-'94 | 7892 | 92661 | 1642 | 7315 | 91596 | 100553 |
| 1994-'95 | 7937 | 86790 | 1725 | 9168 | 83834 | 94727 |
| 1995-'96 | 7188 | 90581 | 1519 | 10290 | 85960 | 97769 |
| Total | 31624 | 372075 | 6880 | 35689 | 361130 | 403699 |

# ആരോഗ്യം പരിസര ശുചീകരണം

പഞ്ചായത്തിൽ എല്ലാ ആധുനിക ചികിൽസാ സൗകര്യങ്ങളും ഉള്ള ഒരു ആശുപത്രിയും ഇല്ല. എങ്കിലും സർക്കാർ അലോപ്പതി ആയുർവേദ ആശുപത്രികൾ, മിഡ്‌വൈഫറി സെൻററുകൾ പ്രൈമറി ഹെൽത്ത് സെൻററുകൾ എന്നിവയും, വ്യാപകമായ സ്വകാര്യ ആശുപത്രികളും പ്രവർത്തിച്ചുവരുന്നു. മുൻകാലങ്ങളെ അപേക്ഷിച്ചു പുതിയ വ്യവസായസ്ഥാപനങ്ങളും, ജനസാന്ദ്രതയുള്ള തൊഴിൽ സ്ഥാപനങ്ങളും കൂടി വരുന്നതുകൊണ്ട് പരിസര ശുചിത്വം ലക്ഷ്യത്തോളം എത്തിയിട്ടില്ലാ എന്നുള്ളതും, രോഗ പ്രതിരോധ രംഗത്തും, ആവശ്യമായ ചികിൽസ തക്ക സമയത്ത് നൽകാനും പര്യാപ്തമായ സൗകര്യങ്ങൾ ഇല്ലായ്മയും ആരോഗ്യ രംഗത്തെ വെല്ലുവിളിക്കുന്നു എന്നുള്ള സത്യം ഉൾക്കൊണ്ടുകൊണ്ടുതന്നെ ഈ വികസന റിപ്പോർട്ട് തയ്യാറാക്കുന്നു.

## *നേരിടുന്ന പ്രശ്നങ്ങൾ*

1) ജനസംഖ്യാനുപാതികമായ ചികിൽസാ സൗകര്യങ്ങൾ ഇല്ല.

2) സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് മരുന്നുകളും കിടക്കകളും ഇല്ല.

3) ആധുനിക ചികിൽസാ സൗകര്യങ്ങൾ അപര്യാപ്തമാണ്

4) പ്രൈമറി ഹെൽത്ത് സെന്ററുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

5) ആശുപത്രികളിൽ ആവശ്യത്തിന് കുടിവെള്ളവും, ശുചിത്വവും ഇല്ല.

## നടപ്പിലാക്കേണ്ട കാര്യങ്ങൾ

### *സതേൺ റിഫൈനറിയെ സംബന്ധിച്ച്*

പാറശ്ശാല ഗ്രാമപഞ്ചായത്തിലെ പതിനഞ്ച് ഗ്രാമസഭകളും ചർച്ച ചെയ്ത് അംഗീകരിച്ചിട്ടുള്ള ഒരു പ്രശ്നമാണ് സതേൺ റിഫൈനറിയിലെ മലിനീകരണം. ടി സ്ഥാപനത്തിൽ നിന്നുള്ള മലിനീകരണം തടയുന്നതിന്റെ ഭാഗമായി ഫാക്ടറി അടച്ചു പൂട്ടണമെന്ന് ഗ്രാമസഭകൾ ഐകകണ്ഠ്യേന ആവശ്യപ്പെട്ടിരുന്നു. വികസന റിപ്പോർട്ട് ക്രോഡീകരണ വേളയിൽ ആയത് വിട്ടുപോയിട്ടുള്ളതായി വികസന സെമിനാറിൽ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ ബോദ്ധ്യപ്പെ ടുത്തുകയുണ്ടായി.

മലിനീകരണം തടയുന്നതിനു വേണ്ടി സതേൺ ഓയിൽ റിഫൈനറി അടച്ചുപൂട്ടണമെന്ന് ശ്രീ. കെ. ശരത്ചന്ദ്രൻ തമ്പി അവതരിപ്പിച്ചതും, വി. അജികുമാർ അനുവാദം നൽകിയതുമായ പ്രമേയം സെമിനാർ ഐകകണ്ഠ്യേന അംഗീകരിച്ചു.

1) പാറശ്ശാല ഗവ. ആശുപത്രിയിൽ ഒരു എക്സ്-റേ പ്ലാന്റ്, ഇ.സി.ജി. ക്യാൻസർ യൂണിറ്റ്, ഐ.സി. യൂണിറ്റ്, റ്റി.ബി.യൂണിറ്റ് എന്നിവ സ്ഥാപിച്ച് മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തണം.

2) ആശുപത്രികളിൽ ശുദ്ധജലം ലഭ്യമാക്കാൻ കിണർ, പമ്പ്സെറ്റ്, സമ്പ് എന്നിവ സ്ഥാപിക്കണം.

3) പാറശ്ശാല ഗവ. ആശുപത്രിയിൽ ആംബുലൻസ് സൗകര്യം ഏർപ്പെടുത്തുകയും ചുറ്റുമതിൽ കെട്ടുകയും ചെയ്യണം.

4) പരശുവയ്ക്കൽ (പുല്ലൂർക്കോണം), പാറശ്ശാല കുടുംബക്ഷേമ കേന്ദ്രങ്ങളിൽ ഡോക്ടർമാരെ നിയമിക്കണം.

5) കൊടവിളാകം, കരുമാനൂർ, കൊല്ലകോണം, കൊറ്റാമം, ആമ്പാടി എന്നീ മിഡ് വൈഫറി സെന്ററുകൾ നിലകൊള്ളുന്ന വാർഡുകൾ ഒഴികെ മറ്റു വാർഡുകളിൽ മിഡ് വൈഫറി സെന്ററുകൾ സ്ഥാപിക്കണം.

6) മിഡ് വൈഫറി സെന്ററുകൾക്ക് സ്വന്തം കെട്ടിടങ്ങൾ സ്ഥാപിച്ച് മിഡ് വൈഫിന്റെ സേവനം സ്ഥിരമായി ലഭ്യമാക്കണം. എല്ലാ അസുഖങ്ങൾക്കുമുള്ള പ്രാഥമിക ചികിൽസ ടി സെന്ററുകൾ വഴി ലഭ്യമാക്കണം.

7) ഓരോ വാർഡിലും എല്ലാ വിഭാഗം ചികിൽസയും കിടക്കയുമുള്ള ഓരോ മിനി ആശുപത്രി സ്ഥാപിക്കണം.

8) പഞ്ചായത്തിൽ ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കണം.

9) പരശുവയ്ക്കൽ വില്ലേജിൽ ഒരു ആയൂർവേദ ആശുപത്രി സ്ഥാപിക്കണം.

10) പാറശ്ശാല ആയൂർവേദ ആശുപ്രത്രിയിൽ മർമ്മ വിഷ സ്പെഷ്യലിസ്റ്റിന്റെ സേവനം ലഭ്യമാക്കണം. കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കണം.

11) എല്ലാ ആശുപത്രികളിലും സാനിട്ടേഷൻ സൗകര്യം മെച്ചപ്പെടുത്തണം.

12) കൊതുക് നിർമ്മാർജന നടപടികൾ വഴിയും രോഗപ്രതിരോധ നടപടികൾ വഴിയും മന്ത്, മലമ്പനി എന്നീ രോഗങ്ങൾ നിർമ്മാർജനം ചെയ്യണം.

13) എല്ലാ വാർഡുകളിലും കൊതുക് നിർമ്മാർജന മരുന്നുകൾ തളിക്കുകയും, (ഡി.ഡി.റ്റി. മെത്തഡിൻ) ഫോഗർ മെഷീൻ ഉപയോഗിക്കുകയും ചെയ്യണം.

14) എല്ലാ വീടുകളിലെയും കക്കൂസുകളുടെ സാനിട്ടേഷൻ പൈപ്പിന് നെറ്റ് ഉപയോഗിക്കാൻ നിർദ്ദേശിക്കണം.

15) ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ എല്ലാ വീടുകളിലും നേരിട്ടു ചെന്ന് ആരോഗ്യ ബോധവൽക്കരണം നൽകണം.

16) സ്വന്തമായികക്കൂസ് നിർമ്മിക്കാൻ കഴിയാത്തവരായ സാധുക്കൾക്ക് ഒരു വാർഡിൽ 400 എണ്ണം വീതം, പഞ്ചായത്ത് ആധുനിക സൗകര്യങ്ങളോടുള്ള 6000 കക്കൂസുകൾ നിർമ്മിക്കാൻ സൗജന്യ ധനസഹായം അനുവദിക്കണം.

17) പുല്ലൂർക്കോണം വാർഡിൽ ഒരു ഡി.ഡി.റ്റി സ്പ്രേ സെന്റർ സ്ഥാപിക്കണം.

18) ഇലങ്കം റെയിൽവേ റോഡിലെ മലിനീകരണം തടയാൻ ഒരു ഓട നിർമ്മിക്കണം.

19) എല്ലാ വാർഡുകളിലുമായി പ്രധാന ജംഗ്ഷനുകളിൽ മൊത്തം 45 പബ്ലിക് യൂറിൻ ഷെഡുകൾ സ്ഥാപിക്കണം.

20) പാറശ്ശാല ഠൗൺ വാർഡിൽ ചവറുകൾ ശേഖരിക്കാൻ ഡസ്റ്റ്ബിൻ സ്ഥാപിക്കണം.

